# കുഞ്ഞുണ്ണിക്കവിതയുടെ അവതാരിക

എം. എൻ. കാരശ്ശേരി



കുഞ്ഞുണ്ണിക്കവിതയുടെ അവതാരിക

എം. എൻ. കാരശ്ശേരി

(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Prince Balthasar Charles as a Hunter, a painting by Diego Velázquez (1599–1660). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# കുഞ്ഞുണ്ണിക്കവിതയുടെ അവതാരിക

ഹിമാലയം കാണുക, ആ കുറ്റന്റെ മുന്നിൽ ചെന്ന് കൈയും കെട്ടി നിന്ന് അവനെയൊന്നു നോക്കിക്കാണുക— കുഞ്ഞുണ്ണിയുടെ ജീവിതാഭിലാഷമായിരുന്നു അത്! ജീവിതസായാഹ്നത്തിൽ അദ്ദേഹം അത് സാധിക്കുകയും ചെയ്തു.

എണ്ണായിരം മീറ്റർ ഉയരമുള്ള പർവ്വതശൃംഗം മുന്നിൽ കൈയും കെട്ടി നോക്കിനിൽക്കുന്ന കുഞ്ഞുമനുഷ്യന്റെ ഉയരം ഒന്നര മീറ്റർ! പർവ്വതം ഗംഭീരമായിത്തന്നെ ഈ കുഞ്ഞുകവിയെ നോക്കുന്നു. കവി തന്റെ കുഞ്ഞിക്കണ്ണ് ചിമ്മാതെ ആ വലിപ്പത്തിലേക്ക് നോക്കി നിൽക്കുകയാണ്. ഹിമാലയവും കുഞ്ഞുണ്ണിയും! ആർക്കും നുണഞ്ഞു രസിക്കാൻ പറ്റിയ ദൃശ്യം!

കുഞ്ഞുണ്ണിയുടെ മികച്ച കവിതകളിലെന്നപോലെ ഈ ദൃശ്യത്തിലും ഇത്തിരി ദർശനവും ഇത്തിരി നേരംപോക്കും ഒത്തുചേരുന്നു.

വളരെ വലിയ പ്രപഞ്ചവും വളരെച്ചെറിയ താനും— ഇതാണ് കുഞ്ഞുണ്ണിയുടെ എല്ലാ അത്ഭുതത്തിന്റെയും അടിയിൽ കിടക്കുന്ന യാഥാർത്ഥ്യം.


കുഞ്ഞുണ്ണി

സ്വന്തം രൂപത്തിലും, പേരിൽപോലും, പതിഞ്ഞുകിടക്കുന്ന ഈ 'ചെറുപ്പം' കുഞ്ഞുണ്ണിക്കവിയുടെ പ്രമേയമാകുന്നു. വാർദ്ധക്യം വന്നുഭവിച്ചിട്ടും ചെറുതാകാത്ത ചെറുപ്പവുമായി നടക്കുന്ന ഈ കവിയെ ഹിമാലയത്തിന്റെ മാത്രമല്ല, എന്തിന്റേയും വലിപ്പം എപ്പോഴും ആകർഷിക്കുന്നു. ആകാശം, സമുദ്രം, പർവ്വതം, ആന തുടങ്ങി വലിപ്പമുള്ള രൂപങ്ങൾ അദ്ദേഹത്തിന്റെ കുഞ്ഞിക്കവിതയിൽ എവിടെയും സ്ഥലം പിടിക്കുന്നു. പൂച്ച, എലി, ഉറുമ്പ്, ഈച്ച, കൊതുക്, കുന്നിക്കുരു തുടങ്ങിയ ചെറിയ രൂപങ്ങളെ ഈ കവി, ഒരു കൊച്ചുകുട്ടി ബലൂൺ എന്നപോലെ, കൗതുകപൂർവ്വം ഊതിവീർപ്പിക്കുന്നു. ഈ കൊച്ചുപ്രപഞ്ചത്തിൽ ആന കൊതുകിന്റെ പിന്നിൽ നടക്കുന്നു; ഈച്ച മേലേ പോകുന്നു, ആന താഴേ പോകുന്നു. വലുതിനെ ചെറുതാക്കുവാനും ചെറുതിനെ വലുതാക്കുവാനും കവി താൽപര്യം കാണിക്കുന്നു:

> കുഞ്ഞിയുറുമ്പുണ്ടൊരാനത്തലയോള
> മാനത്തലയപ്പോളെത്രത്തോളം
> ആനത്തലയൊരു കുന്നോളം
> എന്നാകിലാനയോ
> ആനയിബ്ഭൂമിയോളം
> ആനയിബ്ഭൂമിയോളം പോരുമെന്നാകിൽ
> ഭൂമിയോ
> ഭൂമിയക്കുഞ്ഞിയുറുമ്പിന്റെ കണ്ണിനോളം
>
> ഉറുമ്പുപാട്ടും പാട്ടിലുണ്ടൊരു
> കുറുമ്പനാന പറക്കുന്നു
>
> വലിയൊരു പൂച്ചയാണു നരി
> ചെറിയൊരു നരിയാണു പൂച്ച

ഇതുപോലുള്ള അനേകം വരികളിൽ ഈ വലിപ്പച്ചെറുപ്പത്തിന്റെ കീഴ്മേൽമറിയൽ കാണാം. 'വലുതും ചെറുതും' എന്ന കവിതയിൽ ഈ വ്യത്യാസത്തിന്റെ വ്യത്യാസം കവി എടുത്തു കാട്ടുന്നുണ്ട്:

> എത്തറ ചെറിയൊരുറുമ്പ്—അവ
> നെത്തറ വലിയ കുറുമ്പ്
> എത്തറ പെരിയവനേയും—അവ
> നിത്തിരി വേദനയാക്കും
> എത്തറ വലിയൊരു കൊമ്പൻ—അവ
> നിത്തിരിയില്ലൊരു വമ്പ്
> എത്തറ ചെറിയവനേയും—അവ
> നേറ്റിക്കൊണ്ടു നടക്കും.

ഈ വലിപ്പച്ചെറുപ്പങ്ങളെ മാറ്റിവെച്ചു കളിക്കുവാൻ കുഞ്ഞുണ്ണി ഇഷ്ടപ്പെടുന്നു:

> രാവിലെയെഴുന്നേറ്റു നോക്കിയപ്പോൾ
> ഭൂമിയുണ്ട് ഒരു ചെറുനാരങ്ങയോളമായിരിക്കുന്നു
>
> ഉറുമ്പിൻതലയാനയ്ക്കു
> മാനത്തലയുറുമ്പിനും
> മാറ്റിവെച്ചു കൊടുത്തീടിൽ
> മലയാളം മനോഹരം

തന്റെ ചെറുപ്പത്തെ സംബന്ധിച്ച ഈ ധാരണ കവിയിൽ അപകർഷതാബോധമായി മാറുന്നില്ല. പകരം വലിപ്പവും ചെറുപ്പവും ഒന്നിച്ചുവെച്ച് അദ്ദേഹം രസിക്കുന്നു. "ആറടി ഉയരമുള്ള ഭർത്താവ്, മൂന്നടി ഉയരമുള്ള ഭാര്യ—ഇരുവരും നിറഞ്ഞ റോഡിൽക്കൂടി കൈകോർത്തുല്ലസിച്ചുലാത്തുന്ന" കഥ (അന്യോന്യം രക്ഷിച്ചു—കുറ്റിപ്പെൻസിൽ) പറഞ്ഞത് ഈ കവിയാണല്ലോ. "ആനയും ഉറുമ്പും അന്യോന്യം കൈകോർത്തുപിടിച്ചു തമാശയും പറഞ്ഞു നടന്നുപോകുന്ന" കഥ (പേടിക്കാനില്ല—കുറ്റിപ്പെൻസിൽ) പറഞ്ഞതും ഇദ്ദേഹം തന്നെ. വലിയവനായ ഈശ്വരൻ ചെറിയ കുട്ടികളോടൊപ്പം ഗോട്ടി കളിക്കാനാഗ്രഹിച്ചിട്ട് അതു നടക്കാതെ പോയതിന്റെ കഥ (ഈശ്വരന്റെ മോഹം—കുറ്റിപ്പെൻസിൽ) യും കുഞ്ഞുണ്ണി എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സൃഷ്ടിയായ കുന്നിക്കുരു കുന്നിൻമുകളിൽ കയറിനിന്ന് കുന്നിനോടു പറയുകയാണ്:

"ഞാൻ നിന്നെക്കാൾ പൊക്കമുള്ളവനാണ്."

വലിപ്പവും ചെറുപ്പവും പോലുള്ള വൈരുദ്ധ്യങ്ങൾ എളുപ്പം കുഞ്ഞുണ്ണിയുടെ കണ്ണിൽപെടും. കുഞ്ഞുണ്ണിയുടെ ജീവിതവും കവിതയും സൂക്ഷിച്ചുനോക്കിയാൽ വൈരുദ്ധ്യങ്ങളുടെ ഒരു പരമ്പര തന്നെ കണ്ടെത്താനാവും:

വൈദ്യകുടുംബത്തിൽ പിറന്ന്, വൈദ്യനാകാൻ പഠിച്ച്, വൈദ്യനാകാതെപോയതിൽ ദുഃഖിക്കുന്ന കവിയാണ് കുഞ്ഞുണ്ണി.

കുട്ടികളെ സ്നേഹിക്കുകയും അവരുടെ കവിയായിത്തീരുകയും ചെയ്യുന്ന കുഞ്ഞുണ്ണിക്ക് സ്വന്തം ജീവിതത്തിൽ കുട്ടികൾ വേണമെന്നു തോന്നിയില്ല.

സ്വന്തം ശരീരം ദുർബ്ബലമാണെങ്കിലും കരുത്തിനെ പൂജിക്കുന്ന കവിയാണദ്ദേഹം. ഹനുമാനാണ് ഇഷ്ടമൂർത്തി.

ജീവിതത്തിൽ "രക്ഷാകർത്തൃത്വത്തെ ക്ഷണിച്ചുവരുത്തുന്ന നിസ്സഹായത"യുള്ള ആളാണെങ്കിലും കവിതയിൽ അദ്ദേഹം അഹങ്കാരത്തോളമെത്തുന്ന ആത്മവിശ്വാസം പ്രകടിപ്പിക്കുന്നു.

നിലാവിനെ ഇഷ്ടപ്പെടുന്ന ഈ കവിക്ക് അതേയളവിൽ ഇരുട്ടും ഇഷ്ടമാണ്. മുറിയിലിരിക്കെ കറണ്ട് പോയാൽ അദ്ദേഹം മെഴുകുതിരി കത്തിക്കാറില്ലത്രെ.

തീരെ സംഗീതാഭിമുഖ്യമില്ലാത്ത കുഞ്ഞുണ്ണി നാടൻ പാട്ടുകളും സ്വന്തം കവിതകളും പാടി നടക്കുന്നു: 'പാട്ടൊന്നും പാടാത്ത പാണനാരെ'പ്പറ്റി കവിതയെഴുതുന്നു.

ഉറുമ്പും ആനയും, പൂച്ചയും എലിയും, കുന്നും കുന്നിക്കുരുവും അദ്ദേഹത്തിന്റെ കവിതയിൽ തുല്യപ്രാധാന്യത്തോടെ കടന്നുവരുന്നു.

കുട്ടിക്കാലത്തേ കുഞ്ഞുണ്ണി വയസ്സനാണ്; വയസ്സുകാലത്തും അദ്ദേഹം കുട്ടിയാണ്.

തീരെ വർണ്ണപ്പകിട്ടില്ലാത്തതാണ് കുഞ്ഞുണ്ണിയുടെ ലോകം: ലളിതമായ വെള്ളവസ്ത്രം, ആർഭാടങ്ങളൊന്നുമില്ലാത്ത ജീവിതം. അദ്ദേഹത്തിന്റെ കാവ്യലോകത്തിനും വർണ്ണഭംഗിയില്ല—എല്ലാം വെളുപ്പിലും കറുപ്പിലും ചിത്രീകരിച്ച ലളിതരംഗങ്ങൾ മാത്രം. പക്ഷേ, ഈ കവി ചിത്രം വരയ്ക്കുമ്പോൾ വർണ്ണങ്ങൾ സുലഭമായി ഉപയോഗിക്കുന്നു.

സർവ്വോപരി, ലോകത്തിന്റെ വലിപ്പവും തന്റെ കോലത്തിന്റെ ചെറുപ്പവും.

ഇത്തരം നിരവധി വൈരുദ്ധ്യങ്ങളിൽനിന്ന് ഉറന്നുവരുന്നതാണ് കുഞ്ഞുണ്ണിയുടെ ജീവിതവീക്ഷണം. അതുകൊണ്ടാവാം, ഈ കവിതകളുടെ മുദ്ര തന്നെ വിരുദ്ധോക്തിയായത്:

> എന്നെപ്പെറ്റതു ഞാൻ തന്നെ
> ഞാനുണർന്നപ്പോളെന്നെക്കണ്ടില്ല
> ഭാഗ്യം ഭാഗ്യം...
> കഷ്ടം!
> ഞാനമ്മയുടെ വയറ്റിൽനിന്ന്
> പിറന്നുവീണത്
> എന്റെ വയറ്റിലേക്കാണല്ലോ

ഇക്കൂട്ടത്തിൽ കുഞ്ഞുണ്ണിയുടെ ഏതാണ്ട് എല്ലാ വരികളും ചേർക്കാവുന്ന മട്ടിൽ അത്ര സാധാരണമാണ് ഈ സവിശേഷത. തനിക്കും തന്റെ കവിതയ്ക്കും അലങ്കാരം അലങ്കോലമാണെന്നു കുഞ്ഞുണ്ണി പറഞ്ഞിട്ടുണ്ടെങ്കിലും അദ്ദേഹം വിരോധാഭാസം സുലഭമായി പ്രയോഗിച്ചിട്ടുണ്ട്. ഉദാഹരണം ആവശ്യമില്ലാത്തത്ര സുവ്യക്തമാണ് ഈ സത്യം.

വിരുദ്ധോക്തിയുടെ കല ആവിഷ്കരിക്കുന്ന കടംകഥയിലും പഴഞ്ചൊല്ലിലും നാടൻപാട്ടിലും ഈ കവി ഏതു പ്രായത്തിലും രമിക്കുന്നു. പദപരവും അർത്ഥപരവുമായ വിരുദ്ധോക്തിയിൽ നിന്ന് ജനിക്കുന്ന അസംബന്ധതയിൽ അദ്ദേഹത്തിന് എന്നും കൗതുകമുണ്ട്. ഈ കവിതകളിലെ അസംബന്ധതയുടെ വേര് നമ്മുടെ നാടൻ വാങ്മയത്തിൽത്തന്നെ:

> തുമ്പേലരിമ്പേലൊരീരമ്പൻതുമ്പ
> തുമ്പകൊണ്ടമ്പത് തോണി ചമച്ചു
> തോണീടെ കൊമ്പത്തൊരാലു മുളച്ചു
> ആലിന്റെ കൊമ്പത്തൊരുണ്ണി പിറന്നു

തുടങ്ങിയ നാടൻപാട്ടുകൾ കുഞ്ഞുണ്ണിയുടെ അസംബന്ധതയുടെ തറവാട്ടിലേക്കുള്ള നടപ്പാതകളാണല്ലോ. ഇത്തരം അസംബന്ധത കുട്ടികൾക്കെന്നപോലെ, കവിക്ക് സ്വാഭാവികസത്യമായിത്തോന്നുന്നു. കുഞ്ഞുണ്ണി എഴുതി:

> കുട്ടന്റെ കുപ്പായക്കീശയിൽ രണ്ടാന-
> ക്കുട്ടികളുണ്ടു കിടന്നിടുന്നു
> കൊമ്പുകളില്ലല്ലോ തുമ്പിക്കൈയില്ലല്ലോ
> പിമ്പുറത്തില്ലല്ലോ നീണ്ട വാലും
> ആകാശംമുട്ടുന്ന പൊക്കമുണ്ടെങ്കിലു-
> മാകൃതിയില്ല വികൃതിയുണ്ടേ
> കാട്ടിൽനിന്നല്ലത്രേ കിട്ടിയിവയെ, ര-
> ണ്ടോട്ടക്കലങ്ങളിൽനിന്നാണത്രെ
> കുട്ടനുരച്ചതാണിക്കാര്യമത്രയും
> കുട്ടിയാണല്ലോ കളവാവില്ല

ഈ കവിതയുടെ പേര് തന്നെ 'കളവാവില്ല' എന്നാണ്. (പതിനഞ്ചും പതിനഞ്ചും). ഈ വിരുദ്ധോക്തികളും അവ സൃഷ്ടിക്കുന്ന അസംബന്ധതകളുമെല്ലാം കവിയെ സംബന്ധിച്ച് സത്യകഥനങ്ങളാണെന്നർത്ഥം.

വിരുദ്ധോക്തിയുടെയും അസംബന്ധതയുടെയും കൂടെ ചേർത്തുവെച്ചു ആലോചിക്കേണ്ടതാണ് ചിരിയുടെ കാര്യം: അവ മൂന്നും തമ്മിൽ പല നിലയ്ക്കും ബന്ധമുണ്ട്.

വൈരുദ്ധ്യങ്ങൾ യുക്തിരഹിതമായി കൂടിക്കുഴയുമ്പോഴാണ് അസംബന്ധതയുണ്ടാകുന്നത്. അത് ആ നിലയ്ക്കു തന്നെ നമ്മെ ചിരിപ്പിച്ചേക്കാം.

പ്രതിഭയോ, ബുദ്ധിയോ, യുക്തിയോ, ഫലിതബോധമോ വൈരുദ്ധ്യങ്ങളെ ഒന്നിപ്പിക്കുമ്പോഴും നാം ചിരിച്ചു പോകുന്നു. ഈ ചിരി, മറ്റൊരു വഴിക്ക്, ആ സാഹചര്യത്തിലെ അസംബന്ധത കണ്ടുകിട്ടിയതിന്റെ ഫലമാണ്. ജീവിതത്തിലും സാഹിത്യത്തിലും സാധാരണയായി കണ്ടുവരുന്ന ചിരിയും ഇതാണ്.

ചിരി മിക്കപ്പോഴും വിരുദ്ധോക്തിയുടെ ഫലമാണ് എന്നു ചുരുക്കം. ഏതു വഴിക്കു നടക്കുമ്പോഴും വിരുദ്ധോക്തിയുടെ കല ആവിഷ്കരിക്കുന്ന കുഞ്ഞുണ്ണിക്കവിത സ്വാഭാവികമായും ഒരു ചിരിക്കുടുക്കയായിത്തീരുന്നു. നേരത്തേ വിശദീകരിച്ചതുപോലെ, വൈരുദ്ധ്യങ്ങളിൽ നിന്ന് ഉറന്നുവരുന്ന ഒരു ജീവിതവീക്ഷണത്തിന് സാദ്ധ്യമാകേണ്ട ആദ്യത്തെ കാര്യവും ചിരി തന്നെ.

വിരുദ്ധോക്തികളിലെന്നപോലെ വിരുദ്ധദ്വന്ദ്വങ്ങളെ സമന്വയിപ്പിക്കുന്നതിലും അദ്ദേഹം കാണിക്കുന്ന തന്നിഷ്ടം ചിലപ്പോൾ നമ്മുടെ കണ്ണഞ്ചിപ്പിച്ചുകളയും. വെളുപ്പും കറുപ്പും, ഒളിയും ഇരുളും വിരുദ്ധമാണെന്നുപോലും ചിലപ്പോൾ കവി അംഗീകരിച്ചുതരില്ല:

> ഇരുളിന്നൊളിക്കുവാൻ
> വെളിച്ചമൊന്നാന്തരം
>
> വിശ്വാസം വെളിച്ചമാ
> ണിരുട്ടുമതുതന്നെ

മാത്രമോ:

> ഇരുട്ടുരുട്ടിയെടുത്ത് വെട്ടത്തിട്ട്
> വെട്ടമുരുട്ടിയെടുത്തിരുട്ടത്തിട്ട്
> ഇരുട്ടും വെട്ടവും കൂട്ടിയുരുട്ടിയെടുത്തട്ടത്തിട്ട്

അദ്ദേഹം തട്ടിക്കളിക്കുന്നു. വാക്കുകൊണ്ടും പ്രതീകംകൊണ്ടും വിരുദ്ധദ്വന്ദ്വങ്ങളെക്കൊണ്ടും അദ്ദേഹം കളിക്കുന്നു. ഗുളികയുരുട്ടി ശീലിച്ച ആ വിരലുകൾ വാക്കുരുട്ടുമ്പോൾ ഒറ്റമൂലികൾ ഉരുവം കൊള്ളുന്നു.

'എനിക്ക് പൊക്കം കുറവാണ്' എന്ന ബോധം കവിയെ ഭരിക്കുന്നു. ലോകം മറിച്ചിട്ടു കോലമാക്കാമെന്നും കോലം മറിച്ചിട്ടു ലോകമാക്കാമെന്നും പൊക്കമില്ലായ്മയാണ് തന്റെ പൊക്കമെന്നും കവി അറിയുന്നു. അതുകൊണ്ട് പൊക്കക്കാരുടെ പൊയ്ക്കാലിനെ പരിഹസിക്കുവാൻ അദ്ദേഹം ശക്തനായിത്തീരുന്നു. തന്നെക്കാൾ വലിയ മനുഷ്യരുടെ പൊങ്ങച്ചങ്ങൾ ചൂണ്ടിക്കാട്ടി കവി അവരെ 'കൊച്ചാ'ക്കുന്നു. വാക്കുപയോഗിക്കുന്നതിൽ പിശുക്കനായിട്ടും വലിയ, ചെറിയ എന്നീ പദങ്ങൾ അദ്ദേഹം സ്വയമറിയാതെ ആവർത്തിച്ചു പോകുന്നു.

വലിയ കവിതകളെഴുതാൻ വിസമ്മതിച്ച ഈ കവിയുടെ ഉള്ളിൽ തന്നെപ്പോലെ തന്റെ കവിതയുടെയും "ആകാരം ഹ്രസ്വ"മാവണം എന്നുണ്ടായിരിക്കാം. "വലിയ ലോകം നന്നാക്കാൻ ചെറിയ സൂത്രം ചൊല്ലി" നടക്കുന്ന അദ്ദേഹത്തിന്റെ വരികൾ സൂത്രപ്രായമായതു സ്വാഭാവികം മാത്രം.

ഈ ചെറിയ മനുഷ്യന്റെ 'വലിയ' ലോകം പൊയ്മുഖങ്ങൾക്കും പൊയ്ക്കാലുകൾക്കും ഇടയിൽ തളിരായും പൊരുളായും വർത്തിക്കുന്നു.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.